മേഴത്തൂരിലെ വൈദ്യമഠം കുടുംബത്തിൽപ്പെട്ട പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസ്

259 [3235] *ശ്രീ. ടി. എൻ. പ്രതാപൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേഴത്തൂരിലെ വൈദ്യമഠം കുടുംബത്തിൽപ്പെട്ട ഏതെങ്കിലും പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സയ്ക്കും മരുന്ന് ഉണ്ടാക്കുന്നതിനുമുള്ള ലൈസൻസ് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നൽകാതിരുന്നിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യമഠം കുടുംബത്തിലെ പാരമ്പര്യ വൈദ്യന്മാർ ആയുർവ്വേദ വൈദ്യത്തിന്റെ തിയറിയും പ്രാക്ടീസും പഠിച്ചവരാണോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്താമോ;

(സി) തലമുറകളായി ശേഖരിച്ച ഗ്രന്ഥങ്ങളിലും തകിടുകളിലും താളിയോലകളിലും നിന്ന് വിജ്ഞാനം നേടുകയും പ്രഗത്ഭരായ മുൻഗാമികളിൽനിന്ന് പ്രായോഗിക പരിജ്ഞാനം സ്വായത്തമാക്കുകയും ചെയ്ത വൈദ്യമഠം കുടുംബത്തിൽപ്പെട്ടവർക്കും ആയുർവ്വേദം പ്രാക്ടീസ് ചെയ്യുന്നതിന് ലൈസൻസ് നൽകാനുതകുന്നവിധം നിയമവ്യവസ്ഥകളുണ്ടാക്കുമോ?

ഉത്തരം

(എ) ലൈസൻസ് നൽകാതിരുന്നിട്ടില്ല.

(ബി) റിട്ടയർ ചെയ്ത ആയുർവ്വേദ ഡയറക്ടർ ഡോ. ബ്രഹ്മദത്തൻ നമ്പൂതിരി, റിട്ടയർ ചെയ്ത ആയുർവ്വേദ ഡി. എം. ഒ. ഡോ. ഋഷികുമാരൻ നമ്പൂതിരി എന്നിവർ തിരുവനന്തപുരം ആയുർവ്വേദ കോളേജിൽനിന്നും ഡിഗ്രി എടുത്ത വൈദ്യമഠം കുടുംബാംഗങ്ങളാണ്. വൈദ്യമഠം കുടുംബത്തിൽപ്പെട്ട ഡോ. പ്രസന്ന ഒല്ലൂർ ആയുർവ്വേദ കോളേജിലെ അദ്ധ്യാപികയായി ജോലി ചെയ്യുന്നുണ്ട്.

(സി) കേരളത്തിലെ പാരമ്പര്യ വൈദ്യൻമാർക്ക് ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിൽനിന്നുമാണ് എൽ-3 ലൈസൻസ് നൽകിവന്നിരുന്നത്. എന്നാൽ 8-1-2003-ലെ കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്ക് മാത്രമേ വൈദ്യവൃത്തിയിൽ ഏർപ്പെടാൻ യോഗ്യതയുള്ളുയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കാരണത്താൽ നിശ്ചിത യോഗ്യതയില്ലാത്തവർക്ക് പ്രാക്ടീസ് ചെയ്യാനോ മരുന്നുനിർമ്മാണത്തിന് ലൈസൻസ് നൽകാനോ കഴിയാത്ത സാഹചര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly